"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളിലെ കിണറുകൾ റീചാർജ്ജ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്രോജക്ടുകളുടെ യൂണിറ്റ് കോസ്റ്റ് - സംസ്ഥാനതലത്തിൽ പ്രാബല്യത്തിൽ വരുത്തി ഉത്തരവാകുന്നു

---

**തദ്ദേശ സ്വയംഭരണ (ആർ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1416/2022/LSGD തീയതി,തിരുവനന്തപുരം, 08-06-2022

---

പരാമർശം:-
1. 07.02.2018 ലെ സ.ഉ.(സാധാ) നം.358/2018/തസ്വഭവ
2. 26.05.2020 ലെ സ.ഉ.(സാധാ)നം.981/2020/തസ്വഭവ
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 01.04.2022 ലെ DB3/753/2013/CE/LSGD(Part C) നമ്പർ കത്ത്.

**ഉത്തരവ്**

സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളിലെ കിണറുകൾ റീചാർജ്ജ് ചെയ്യാൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ, പരന്ന മേൽക്കൂരയുള്ള കെട്ടിടങ്ങളിൽ നിന്ന് മഴവെള്ളം സംഭരിക്കുന്ന സംവിധാനത്തിന് 20,500/- രൂപയും ചരിഞ്ഞ മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക് 24,000/-രൂപയും യൂണിറ്റ് കോസ്റ്റായി അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ ആവശ്യപ്രകാരം സമ്പൂർണ്ണജലസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുസ്ഥാപനങ്ങളുടെ കിണർ റീചാർജ്ജ് ചെയ്യുന്നതിന് പരാമർശം (2) പ്രകാരം ഈ നിരക്ക് യഥാക്രമം 24,500/-, 26,000/- രൂപയായി വർദ്ധിപ്പിച്ചു നൽകിയിയിരുന്നു. ഈ തുക നിലവിലുള്ള DSR 2018 പ്രകാരം കണക്കാക്കി നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനാൽ വർദ്ധിപ്പിച്ച തുക സംസ്ഥാനതലത്തിൽ പ്രാബല്യത്തിൽ വരുന്ന വിധം ഭേദഗതി വരുത്താവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ജലശ്രീ-സമ്പൂർണ്ണ ജലസുരക്ഷാ പദ്ധതിയിൽ കിണറുകൾ റീ ചാർജ്ജ് ചെയ്യുന്നതിന് പരന്ന മേൽക്കൂരയ്ക്ക് 24,500/-രൂപയായും ചരിഞ്ഞ മേൽക്കൂരയ്ക്ക് 26,000/-രൂപയായും വർദ്ധിപ്പിച്ച നിരക്കുകൾ സംസ്ഥാന തലത്തിൽ പ്രാബല്യത്തിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിസി മോൾ. ഇ
ഡെപ്യൂട്ടിസെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും

(ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ ആൻറ് ഇ), തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Suja S K**

**Date: 09-06-2022 14:11:35**

സെക്ഷൻ ഓഫീസർ